# CAREER Updates
# പത്രവൃത്താന്തം

29.09.2024 (ഞായർ)




- ➪ 2024-ലെ നഗരസഭകളുടെ പ്രവർത്തനമികവ് അടിസ്ഥാനമാക്കി ഭരണരംഗത്തെ കാര്യക്ഷമതാ മികവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസിയായ പ്രജ പുറത്തിറക്കിയ അർബൻ ഗവേണൻസ് ഇൻഡക്സിൽ ഒന്നാം സ്ഥാനം നേടിയ സംസ്ഥാനം
  - ✔ കേരളം
  - 59.31 മാർക്കോടെയാണ് കേരളം ഒന്നാം സ്ഥാനത്തെത്തിയത്. അർബൻ ഗവേണൻസ് ഇൻഡക്സിൽ രണ്ടാം സ്ഥാനം നേടിയ സംസ്ഥാനം ഒഡീഷയാണ്. തദ്ദേശ ജനപ്രതിനിധികളുടെ ശാക്തീകരണം, നഗരഭരണ നിയമങ്ങളുടെ കാര്യക്ഷമത, ഭരണമികവ്, പൗരന്മാരുടെ ശാക്തീകരണം, ധന വിനിയോഗത്തിലെ മികവ് എന്നിവ അടിസ്ഥാനമാക്കിയാണ് സംസ്ഥാനങ്ങളുടെ റാങ്ക് നിശ്ചയിച്ചത്.

- ➪ ചുഴലിക്കാറ്റ്, മേഘവിസ്ഫോടനം പോലുള്ള പ്രതികൂല കാലാവസ്ഥ മുൻകൂട്ടി പ്രവചിക്കാൻ സാധിക്കുന്ന കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ പുതിയ രണ്ട് സൂപ്പർകമ്പ്യൂട്ടറുകൾ
  - ✔ അർക്ക, അരുണിക
  - പൂനെയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റീരിയോളജി, നോയിഡയിലെ നാഷണൽ സെന്റർ ഫോർ മീഡിയം റേഞ്ച് വെതർ ഫോർകാസ്റ്റിംഗ് എന്നിവിടങ്ങളിലാണ് സൂപ്പർകമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നത്.

- ➪ 2024 സെപ്തംബറിൽ തമിഴ്നാടിന്റെ ഉപമുഖ്യമന്ത്രിയായി നിയമിതനായത്
  - ✔ ഉദയനിധി സ്റ്റാലിൻ
- ➪ ഇന്ത്യയിലെ ആദ്യ ട്രൈബൽ ഡിജിറ്റൽ പേയ്മെന്റ് ഗ്രാമം
  - ✔ കുറ്റിച്ചൽ, തിരുവനന്തപുരം
- ➪ ഇന്ത്യൻ സൂപ്പർലീഗ് ഫുട്ബോൾ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഗോൾ നേടിയ താരം
  - ✔ സുനിൽ ഛേത്രി
  - ഇന്ത്യൻ സൂപ്പർലീഗ് ഫുട്ബോളിലെ തന്റെ 64-ാം ഗോൾ നേടിയാണ് സുനിൽ ഛേത്രി ഈ നേട്ടം സ്വന്തമാക്കിയത്.
- ➪ ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ ഉത്പാദനകേന്ദ്രം നിലവിൽ വരുന്നതെവിടെ?
  - ✔ കെൽട്രോൺ, കണ്ണൂർ
- ➪ 2024 സെപ്തംബറിൽ അന്തരിച്ച വേലായുധൻ പണിക്കശ്ശേരി ഏത് മേഖലയിലാണ് പ്രശസ്തൻ?
  - ✔ ചരിത്രഗവേഷണം
- ➪ ലോക ഹൃദയദിനമായി ആചരിക്കപ്പെടുന്നത്
  - ✔ സെപ്തംബർ 29
  - 'പ്രവർത്തനത്തിനായി ഹൃദയം ഉപയോഗിക്കുക' എന്നതാണ് 2024-ലെ ഹൃദയദിനത്തിന്റെ പ്രമേയം.
- ➪ 2024 സെപ്തംബറിൽ ഇസ്രയേൽ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ട ലബനനിലെ ഹിസ്ബുള്ള ഗ്രൂപ്പിന്റെ തലവൻ
  - ✔ ഹസൻ നസ്റല്ല
  - ന്യൂ ഓർഡർ എന്ന പേരിൽ നടത്തിയ ഓപ്പറേഷനിലൂടെയാണ് ഇസ്രയേൽ ഹസൻ നസ്റല്ലയെ വധിച്ചത്.

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999